DESPATCHED 19/11/21

27/10/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.388(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7445/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഒക്ടോബർ 27**

ശ്രീ. നൗഷാദ് കെ.,
പ്രസിഡന്റ്,
കേരള ആന്റി കറപ്ഷൻ & ഹ്യൂമൺ റൈറ്റ്സ്
പ്രൊട്ടക്ഷൻ കൗൺസിൽ, സ്നേഹ നഗർ-142,
ഇരവിപുരം പി.ഒ., കൊല്ലം - 691 011. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം,
മുനിസിപ്പൽ കോർപ്പറേഷൻ ആഫീസ്,
കൊല്ലം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29/03/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27/04/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 09/07/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 14/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/09/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26/10/2021- ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. നൗഷാദ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 30.3.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നും ആയതിനാൽ ടി അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകുവാൻ ഉത്തരവുണ്ടാകണമെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കൊല്ലം കോർപ്പറേഷൻ പരിധിയിലെ അനധികൃത കെട്ടിട

നിർമ്മാണങ്ങളുമായി ബന്ധപ്പെട്ടും ആരോഗ്യ വകുപ്പ് വ്യാപാര ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ടും താഴെ പറയുന്ന വിവരങ്ങളാണ്:

i. കൊല്ലം ജില്ലാ ആശുപത്രി റോഡിന്റെ ചാമക്കടയിലോട്ട് വരുമ്പോൾ ഇരുഭാഗങ്ങളിലായി പാർക്കിംഗ് ഏരിയ ഇല്ലാത്തതായ രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണം തുടർന്നു വരുന്നുണ്ടെന്നും ടി കെട്ടിടങ്ങളുടെ മഴവെള്ള സംഭരണിയും ആയതിന്റെ കപ്പാസിറ്റിയും ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ വിവരങ്ങളും, പാർക്കിങ്ങ് ഏരിയ എവിടെയാണെന്നുള്ള വിവരങ്ങളും നൽകണമെന്നും

ii. മേൽപ്പടി കെട്ടിടത്തിൽ നൽകിയിട്ടുള്ള കെട്ടിട നിർമ്മാണ അനുവാദ പത്രത്തിന്റെ പകർപ്പ്, പ്ലാൻ പകർപ്പ് വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യുവാൻ പി.ഡബ്ല്യു.ഡി.യുടെ എൻ.ഒ.സി. ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്, ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നും ലേയൗട്ട് അപ്രൂവൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ പകർപ്പ് എന്നിവ നൽകണമെന്നും

iii. ഹർജിക്കാരൻ ഹാജരാക്കിയ ഫോട്ടോയിൽ കാണുന്ന രണ്ടു കെട്ടിടങ്ങൾക്കും അംഗീകാരം നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക സ്ഥാനപ്പേരും നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.04.2021 തീയതി എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന രേഖകൾ പരിശോധിച്ചതിൽ ഏത് കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതാണെന്നും അപേക്ഷയോടൊപ്പം ചേർത്തിരിക്കുന്ന കെട്ടിട നിർമ്മാണാനുമതി തിരുവനന്തപുരം നഗരസഭയിൽ നിന്ന് നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ കണ്ടെത്തി നൽകുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് വിവരങ്ങൾ കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നുമാണ്.

4 എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷ 30.3.2021 തീയതി കൊല്ലം കോർപ്പറേഷനിൽ ലഭിച്ചിട്ടുള്ളതും ആയതിന് 27.4.2021 തീയതി മറുപടി അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 29.3.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപമെന്ന് കാണുന്നു. എന്നാൽ ടി അപേക്ഷയ്ക്ക് 26.4.2021–ന് തയ്യാറാക്കിയ മറുപടി 27.4.2021–ന് ഹർജിക്കാരന് അയച്ചു കൊടുത്തുകൊണ്ടുള്ള ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് സഹിതം എതിർകക്ഷി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ ടി മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ടി മറുപടിയുടെ ഒരു പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം സൗജന്യമായി ഹർജിക്കാരന് ഒരിക്കൽ കൂടി അയച്ചു കൊടുക്കേണ്ടതാണെന്നും ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ എതിർകക്ഷി കൈകാര്യം ചെയ്യേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമപ്രകാരം കമ്മീഷനിൽ അപ്പീൽ സമർപ്പിക്കുമ്പോൾ വിവരാവകാശ അപേക്ഷ, ആയതിന് ലഭിച്ച മറുപടി, ഒന്നാം അപ്പീൽ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെയും മറുപടിയുടെയും പകർപ്പ് എന്നിവ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും, ഒന്നിൽ കൂടുതൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് പ്രത്യേകം പ്രത്യേകമായി വേണം അപ്പീൽ സമർപ്പിക്കേണ്ടതെന്നും, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയ്ക്കെതിരെ ആക്ഷേപം ഉണ്ടെങ്കിൽ ഒന്നാം അപ്പീൽ നൽകി ആയതിന് ലഭിച്ച മറുപടി കൂടി കണക്കിലെടുത്തുവേണം കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടതെന്നും ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഒക്ടോബർ 27–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

US